(എ) ആദിവാസികൾക്ക് സൗജന്യചികിത്സ നൽകുന്ന പദ്ധതിക്ക് എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ഓരോ വർഷവും എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) നാല് വർഷമായി നാമമാത്രമായ തുകനൽകിവരുന്നതുമൂലം ആദിവാസികളുടെ സൗജന്യചികിത്സ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മെഡിക്കൽ കോളേജുകളിലെ ന്യായവില മരുന്നുഷോപ്പുകളിൽ ഈ ഇനത്തിൽ മരുന്നുവാങ്ങിയ വകയിൽ എത്ര രൂപയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തുക നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(എഫ്) ആദിവാസികൾക്ക് സൗജന്യചികിത്സ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിക്ക് 6,28,16,737 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.**

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 2,14,33,953 രൂപ നൽകാനുണ്ട്.

(ഇ&എഫ്) സ്വീകരിക്കുന്നതാണ്.

രാസവസ്തുക്കളുടെയും കൃത്രിമ നിറങ്ങളുടെയും ഉപയോഗം

82 (2291) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾ കൂടുതലായി ഉപയോഗിക്കുന്ന നൂഡിൽസ്, ബിസ്കറ്റുകൾ, കേക്കുകൾ, മിഠായികൾ എന്നിവയിൽ രുചിയും മണവും വർദ്ധിപ്പിക്കുന്നതിനായി അനുവദനീയ മായതിലും കൂടുതൽ രാസവസ്തുക്കളും കൃത്രിമ നിറങ്ങളും ചേർത്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് പരിശോധനകൾ നടത്തുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇങ്ങനെ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; സ്വീകരിച്ച നടപടികൾ എന്ത് ;

(ഡി) കൃത്രിമനിറങ്ങളും രാസവസ്തുക്കളും ചേർത്ത് ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നതുമൂലം ഭാവിതലമുറയ്ക്ക് ശാരീരികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത്തരം ഭക്ഷണ പദാർത്ഥങ്ങൾവില്പന നടത്തുന്നത് തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സംസ്ഥാന വ്യാപകമായി പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്.

(സി) 31 കേസുകൾ നിശ്ചിത ഗുണനിലവാരമില്ലാത്തതോ കൃത്രിമ കളറുകൾ ചേർത്തതായോ Misbranded ആയോ കണ്ടെത്തിയിട്ടുണ്ട്. ഉത്തരവാദികൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമത്തിൽ അനുശാസിക്കും പ്രകാരം പ്രോസിക്യൂഷൻ നടപടികളും അഡ്ജൂഡിക്കേഷൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ആരോഗ്യവകുപ്പ് അത്തരത്തിലുള്ള പഠനം നടത്തിയിട്ടില്ല.

(ഇ) ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമ പ്രകാരം ഇത്തരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ വിൽപ്പന നടത്തുന്നതോ നിയമവിരുദ്ധമാണ്. ആയതുകൊണ്ട് തന്നെ പരിശോധനകളിൽ അത്തരം ഉൽപ്പന്നങ്ങൾ കണ്ടെത്തുന്നപക്ഷം 2006-ലെ ഗുണനിലവാരനിയമങ്ങളും അനുബന്ധ ചട്ടങ്ങളും പ്രകാരം കർശന നടപടി സ്വീകരിക്കാറുണ്ട്.

അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന വിഷാംശമുള്ള പച്ചക്കറികൾ

83 (†2292) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly